Answer.

(*a*) 420.

(*b*) Rs. 28 per mensem.

(*c*) Rs. 125,120 including Rs. 800 for P.C.R. Works.

പറവൂർ കച്ചേരിത്തോട്.

ശ്രീ. സി. പി. ശ്രീവല്ലഭമേനോൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പറവൂർ കച്ചേരിത്തോട്ടിൽ പൈൽസും സ്ലാബും ഉപയോഗിച്ചു തോടിന്റെ ഇരുവശങ്ങളും ഉറപ്പിക്കുന്നതിനു എത്ര രൂപ ചെലവാക്കിയിട്ടുണ്ട് ;

(ബി) എസ്റ്റിമേറ്റ് എത്ര രൂപയായിരുന്നു; എസ്റ്റിമേറ്റിലുള്ളതു കൂടാതെ എക്സ്ട്രാ ഐറ്റംസ് ഏതു ചെയ്തു; എത്ര നാളുകൊണ്ടാണ് ഈ പണി തീർന്നതു;

(സി) ഈ തോട്ടിൽ ഈ ജോലി നടത്തിയതു് എന്തുദ്ദേശ്യത്തിനാണ്; ഇന്നു ആ തോട്ടിന്റെ തെക്കേ അറ്റംവരെ ഗതാഗതയോഗ്യമാണോ ;

(ഡി) തോട്ടിന്റെ ഇരുവശങ്ങളിലുമുള്ള റോഡിൽ ഗതാഗതസൗകര്യമുണ്ടോ ;

(ഇ) എത്രയടി നീളത്തിൽ ഈ തോടിന്റെ ഇരുവശങ്ങളും സ്ലാബു് ഉപയോഗിച്ചു് കെട്ടിയിട്ടുണ്ടു്?

ഉത്തരം.

(എ) രണ്ടു ലക്ഷത്തി ഇരുപത്തിനാലായിരത്തി അഞ്ഞൂറു രൂപ.

(ബി) എസ്റ്റിമേറ്റ് തുക ഒരു ലക്ഷത്തി അറുപതിനായിരം രൂപയാണ്. ഇതു കൂടാതെ റിങ്ങ് ബണ്ടിട്ടു് വെള്ളം വറ്റിക്കുക എന്ന എക്സ്ട്രാ ഐറ്റം ചെയ്തിട്ടുണ്ടു്. ഇതു ഏകദേശം ഒരു കൊല്ലവും ആറു മാസവുംകൊണ്ടാണ് തീർന്നതു്. പൈൽസും മറ്റും താഴ്ത്തുന്നതിനു് കുറച്ചു ബുദ്ധിമുട്ടുകൾ നേരിടേണ്ടിവന്നതിനാൽ ഈ പണി കൃത്യസമയത്തു തീർക്കാൻ സാധിക്കാതെവന്നു.

(സി) ഇതുകൊണ്ടു് കൂടുതൽ ഗതാഗതസൗകര്യങ്ങൾ ഉണ്ടാക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളതു്. ഈ തോടു് ഇപ്പോൾ താഴ്ത്തിയതിനു ശേഷം അതിന്റെ തെക്കേ അറ്റംവരെ ഗതാഗതയോഗ്യമാണ്.

(ഡി) ഉണ്ടു്.

(ഇ) 4800 അടി.

LIBRARY ARCHIVES Kerala Legislative Assembly